അന്വേഷണത്തിനായി സി.ബി.ഐ.ക്ക് കൈമാറിയത്. ഈ സർക്കാരിന്റെ കാലത്ത് 258 കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. അതിൽ കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 484/11 (ശ്രീജിത് @ ഹാപ്പി രാജേഷ് വധം) കതിരൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 780/2014 (മനോജ് വധം) എന്നിവ സി.ബി.ഐ.ക്ക് വിട്ട പയ്യന്നൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 142/14 അബ്ദുൾ ഹക്കിം വധം) കേസ് അന്വേഷണത്തിനായി സി.ബി.ഐ.ക്ക് കൈമാറി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

പശ്ചിമഘട്ട സംരക്ഷണം

80 (81) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് ആവശ്യമെങ്കിൽ പുതിയ കരട് വിജ്ഞാപനം പുറപ്പെടുവിക്കുമെന്ന് കേന്ദ്ര സർക്കാരിന്റെ ഹരിത ട്രൈബ്യൂണലിൽ സത്യവാങ്മൂലം സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയതിലേയ്ക്ക് സ്ഥല പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമയം അനുവദിച്ചിട്ടുണ്ടോ ;

(സി) നിശ്ചിതസമയത്തിനകം ആവശ്യമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി & സി) കേരളത്തിന്റെ ആവശ്യം ഉൾപ്പെടുത്തിക്കൊണ്ടുള്ള റിപ്പോർട്ട് അനുസരിച്ചുള്ള കരട് വിജ്ഞാപനമാണ് പുറപ്പെടുവിച്ചിട്ടുള്ളത്. പരിസ്ഥിതിലോല പ്രദേശ നിർണ്ണയത്തിനായി കഡസ്ട്രൽ മാപ്പ് തയ്യാറാക്കിയിട്ടുണ്ട്. ആയതിൽ ഇ.എസ്.എ., നോൺ-ഇ.എസ്.എ. മേഖലകൾ രേഖപ്പെടുത്തിയിട്ടുമുണ്ട്. ഈ റിപ്പോർട്ട് അടിസ്ഥാനമാക്കി എത്രയുംവേഗം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാൻ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിനോട് കേരള സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗക്കാരുടെ സംവരണ റേഷ്യോ

81 (82) <u>ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വിഭാഗക്കാരുടെ സംവരണ റേഷ്യോ ദേശീയാടിസ്ഥാനത്തിലുള്ളതുപോലെ സംസ്ഥാനത്തിൽ നടപ്പിലാക്കാത്തതെന്തുകൊണ്ടാണെന്ന്

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തമാക്കാമോ ; ഇവർക്ക് കേന്ദ്രത്തിലുള്ളതുപോലെ റേഷ്യോ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

സർക്കാർ സേവനങ്ങളുടെ ഫീസ്

82 (83) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്ത് രൂപ മുതൽ നൂറ് രൂപ വരെ ഫീസ് ഈടാക്കിവരുന്ന സർക്കാർ സേവനങ്ങൾ എന്തൊക്കെയാണെന്ന് വകുപ്പ് തിരിച്ച് വിശദമാക്കാമോ ;

(ബി) പ്രസ്തുത ഫീസ് ഇനത്തിൽ 2013-14 വർഷം ലഭിച്ച വരുമാനം എത്ര കോടിയായിരുന്നു ;

(സി) സർക്കാർ സേവനങ്ങളുടെ ഫീസ് നിരക്കിൽ മാറ്റം വരുത്തിയിട്ടുണ്ടോ, എങ്കിൽ പ്രസ്തുത മാറ്റം എന്ന് മുതൽ നിലവിൽ വരികയുണ്ടായിയെന്നും എത്ര ശതമാനം വർദ്ധനവ് ഏർപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ഡി) ഫീസ് നിരക്കിൽ ഏർപ്പെടുത്തിയ വർദ്ധനവിലൂടെ പ്രതിവർഷം എത്ര കോടി രൂപയുടെ വരുമാനമാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഇതുസംബന്ധിച്ച വിവരങ്ങൾ വിവിധ വകുപ്പുകളിൽനിന്നും ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്. 1-10-2014 മുതൽ നിലവിൽ വരികയുണ്ടായി. [ജി.ഒ.(പി) നമ്പർ 409/2014/ധന. തീയതി 23-9-2014]. 15 മുതൽ 50% വരെ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(ഡി) പ്രതിവർഷം 350 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

ചികിത്സാ ധനസഹായ വിതരണം

83 (84) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടിയിൽ അപേക്ഷകർക്ക് അനുവദിച്ച ചികിത്സാ ധനസഹായം നാളിതുവരെ കൊടുത്തിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly